# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4364 — 13/12/2018 ൽ മറുപടിക്ക്

**ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി**

ചോദ്യം — മറുപടി

ശ്രീ.വി.ടി.ബൽറാം — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 31.08.2017-ന് ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രസ്താവത്തിൽ ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നേരിട്ട് നിയമനം നടത്തണമെന്നും നിലവിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തരുതെന്നും പത്ത് വർഷം സേവനം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ദേവസ്വം ഭരണസമിതിക്ക് അധികാരമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ഗുരുവായൂർ ദേവസ്വം ഭരണസമിതി ചർച്ച ചെയ്യുകയും പത്ത് വർഷം സർവ്വീസ് പൂർത്തീകരിച്ച താൽക്കാലിക ജീവനക്കാരെ കൂടി ഉൾപ്പെടുത്തി നിലവിലെ ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഹൈക്കോടതി വിധി സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ: | (ബി) | ഉണ്ട്. ഹൈക്കോടതി വിധിക്കെതിരെ ദേവസ്വം മാനേജിംഗ് കമ്മിറ്റിയും ചില താൽക്കാലിക ജീവനക്കാരും സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റാറ്റസ്കോ നിലനിർത്തുവാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പത്ത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഗുരുവായൂർ ദേവസ്വത്തിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (സി) | ഉണ്ട്. ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് ബഹു. സുപ്രീം കോടതി ഗുരുവായൂർ ദേവസ്വം കൗൺസലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | സുപ്രീംകോടതി സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ പത്ത് വർഷം സർവ്വീസ് പൂർത്തിയാക്കിയ താൽക്കാലിക ജിവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗുരുവായൂർ ദേവസ്വത്തിന് അധികാരമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (ഡി) | 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസ്സിൽ സ്റ്റാറ്റസ്കോ നിലനിർത്തുവാൻ ഇടക്കാല ഉത്തരവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ